**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS )

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - **ശ്രീ.ജയരാജൻ.പി**, സെക്രട്ടറി, നന്മണ്ട ഗ്രാമപഞ്ചായത്ത്, കോഴിക്കോട് – സേവനത്തിൽ നിന്നും സ്വമേധയാ വിരമിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു

പരാമർശം:
1) 25.07.2024 തീയതിയിലെ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ LSGD/JD/KKD/278/2024-B5 നമ്പർ കത്ത്.
2) അക്കൗണ്ടന്റ് ജനറലിന്റെ 05/11/2024 ലെ P.R.51241647343/P-11/2 നമ്പർ കത്ത്
3) ശ്രീ.ജയരാജൻ.പി യുടെ 20/7/2024 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ LSGD/PD/28174/2024-DEA3 തീയതി: 09-12-2024**

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ജയരാജൻ.പി , 31/10/2024 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിരുന്നു.

അപേക്ഷകന്റെ സേവനപുസ്തകത്തിൽ സേവനകാലം പരിശോധിച്ച് രേഖപ്പെടുത്തിയിട്ടുള്ള 25.07.2024 തീയതി വരെയുള്ള കാലയളവ് പരിശോധിക്കുകയും, അപ്രകാരം ടിയാൾക്ക് 20 വർഷവും, 0 മാസവും, 22 ദിവസവും യോഗ്യസേവനകാലമുള്ളതായി പരാമർശം (2) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. അപേക്ഷകന്റെ പേരിൽ വകുപ്പുതല അച്ചടക്കനടപടികളോ, വിജിലൻസ് കേസുകളോ നിലവിലില്ല.

മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ജയരാജൻ . പി യ്ക്ക് കെ.എസ്.ആർ പാർട്ട്-III റൂൾ 56 അനുസരിച്ച് 31/10/2024 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വമേധയാ വിരമിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ശ്രീ.ജയരാജൻ . പി യുടെ സേവനപുസ്തകവും അക്കൗണ്ടന്റ് ജനറലിന്റെ കത്തിന്റെ പകർപ്പും ഇതോടൊപ്പം അയയ്ക്കുന്നു. സേവനപുസ്തകത്തിന്റെ കൈപ്പറ്റ് രസീത് മടക്കതപാലിൽ സമർപ്പിക്കേണ്ടതാണ്).

പകർപ്പ്: 1. വ്യക്തിയ്ക്ക് (തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന).
2. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 10-12-2024 10:30:23